**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4474** **18-03-2025 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ട്രയൽ റൺ ആരംഭിച്ചതിനുശേഷം ഇതേവരെ എത്തിയ കപ്പലുകളുടെ എണ്ണവും ഇറക്കിയ ചരക്കിന്റെ അളവും വിശദമാക്കാമോ; | (എ) | 2024 ജൂലൈ 11-ാം തീയതി ട്രയൽ അടിസ്ഥാനത്തിൽ കപ്പലുകൾ തുറമുഖത്തിൽ അടുത്തു തുടങ്ങിയത് മുതൽ 2025 ഫെബ്രുവരി 28 വരെ 189 കപ്പലുകൾ തുറമുഖത്ത് എത്തിച്ചേരുകയും ഏകദേശം 3,79,627 TEU കണ്ടെയ്നറുകൾ കൈകാര്യം ചെയ്തിട്ടുമുണ്ട് |
| (ബി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ രാജ്യത്തെ ഏറ്റവും മികച്ച തുറമുഖമാക്കി മാറ്റുന്നതിന് സംസ്ഥാന സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | രാജ്യത്തെ ട്രാൻസ്ഷിപ്മെന്റ് കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിനായി വിഴിഞ്ഞത്ത് ഒരു അന്താരാഷ്ട്ര തുറമുഖം സ്ഥാപിക്കുകയും അതിന്റെ ഒന്നാം ഘട്ടത്തിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ 2024 ഡിസംബർ മാസം 3-ാം തീയതി മുതൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാരും അദാനി കമ്പനിയും തമ്മിൽ ഏർപ്പെട്ട സപ്ലിമെന്ററി കൺസെഷൻ കരാർ പ്രകാരം തുറമുഖത്തിന്റെ 2,3,4 ഘട്ടങ്ങളുടെ നിർമാണം ഒന്നാം ഘട്ടത്തിന്റെ തുടർച്ചയായി ഏറ്റെടുക്കാനും 2028 ഡിസംബറിൽ പൂർത്തീകരിക്കാനും ഉടമ്പടിയായിട്ടുണ്ട്. തുടർ ഘട്ടങ്ങളുടെ വികസനത്തിനായുള്ള പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുണ്ട്. തുടർ ഘട്ടങ്ങൾ കൂടി പൂർത്തിയാകുന്നതോടുകൂടി തുറമുഖത്തിന്റെ സ്ഥാപിത ശേഷി പ്രതിവർഷം 30 ലക്ഷം TEU കണ്ടെയ്നറുകളായി ഉയരുന്നതാണ്.<br><br>പോർട്ടിൽ നിന്നും NH 66 മായി ബന്ധിപ്പിക്കുന്ന 1.7 km പോർട്ട് റോഡിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. പോർട്ട് റോഡ് NH 66 മായിട്ടുള്ള ഇന്റർസെക്ഷൻ സ്കീം NHAI യുടെ പരിഗണനക്കായി സമർപ്പിച്ചിട്ടുണ്ട്. ഇതിന് NHAI ൽ നിന്നും തത്വത്തിലുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്.<br><br>കൺസഷൻ എഗ്രിമെന്റ് പ്രകാരം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ദേശീയ റെയിൽ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന റെയിൽപ്പാത |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കേണ്ട ഉത്തരവാദിത്തം സംസ്ഥാന സർക്കാരിനാണ്. AVPPL മായുള്ള പുതിയ സപ്ലിമെന്ററി കൺസെഷൻ പ്രകാരം റെയിൽ പാത സ്ഥാപിക്കേണ്ട അവസാന തീയതി ഇപ്പോൾ ഡിസംബർ 2028 ആക്കി ദീർഘിപ്പിച്ചിട്ടുണ്ട്. കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (KRCL)-നെയാണ് റെയിൽപ്പാത സ്ഥാപിക്കുന്നതിനായി ചുമതലപ്പെടുത്തി യിട്ടുള്ളത്. KRCL തയ്യാറാക്കിയ DPR ദക്ഷിണ റെയിൽവേയുടെ അംഗീകാരം 2022 മാർച്ചിൽ ലഭിച്ചു. കൂടാതെ, പദ്ധതിയ്ക്ക് കേന്ദ്ര മന്ത്രാലയത്തിന്റെ പാരിസ്ഥിതികാനുമതിയും ലഭ്യമായിട്ടുണ്ട്. പദ്ധതിയുടെ DPRന് ഭരണാനുമതി നല്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം എന്ന് പൂർണ്ണമായി പ്രവർത്തനസജ്ജമാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ? | (സി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഒന്നാം ഘട്ടം 2024 ഡിസംബർ 3 മുതൽ പൂർണ്ണമായി പ്രവർത്തന സജ്ജമാണ്. തുറമുഖത്തിന്റെ തുടർ ഘട്ടങ്ങൾ (2,3,4 ഘട്ടങ്ങൾ) കൂടി ഡിസംബർ 31, 2028 നുള്ളിൽ പൂർത്തീകരിച്ച്, തുറമുഖം പൂർണ്ണമായും പ്രവർത്തന സജ്ജമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ